ചൂണ്ടിക്കാണിച്ചുകൊണ്ടും അടിയന്തിരമായും തൊഴിലാളികളെ രക്ഷിച്ച് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നല്കി നാട്ടിലേയ്ക്ക് അയയ്ക്കാനുള്ള സഹായം ചെയ്യാനാണ് അംബാസിഡറോട് രേഖാമൂലം ആവശ്യപ്പെട്ടിരിക്കുന്നത്. 15-7-2010-ന് തന്നെ നോർക്കാ സെക്രട്ടറി സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസിഡർക്ക് ഇതുസംബന്ധിച്ച് ഒരു കത്തുകൂടി അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) ഇ.കെ. നായനാർ സ്മാരക ഗവൺമെന്റ് ആശുപത്രി

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, എന്റെ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മാതൃ-ശിശു ആശുപത്രിക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് വമ്പിച്ച മാറ്റങ്ങളുണ്ടായത്. ഇപ്പോൾ അവിടെ ഒ.പി. ആരംഭിച്ചു. അതു പോലെ കെട്ടിടത്തിന്റെ ഒരു ഭാഗം പൂർത്തിയായി. കഴിഞ്ഞ ദിവസം 59-ഓളം ഡോക്ടർമാരുൾപ്പെടെയുള്ള സ്റ്റാഫിനെ അനുവദിച്ചു. അവിടെ ഇതൊക്കെ ചെയ്തിട്ടും കിടത്തി ചികിത്സ, ഐ.പി. ആരംഭിക്കേണ്ടതുണ്ട്. അത് ആരംഭിക്കുന്നതോടൊപ്പം അതിനുവേണ്ടി ഒരുപാട് കാര്യങ്ങൾ പൂർത്തീകരിക്കണം. ഇ. കെ. നായനാരുടെ പേരാണ് ഇപ്പോൾ ആശുപത്രിക്ക് കൊടുത്തിരിക്കുന്നത്. അതിൽ മലിനീകരണ പ്ലാന്റ് പൂർത്തീകരിക്കേണ്ടതുണ്ട്. അതുപോലെ കുടിവെള്ളത്തിന്റെയും വൈദ്യുതിയുടെയും കാര്യം തീരുമാനിക്കേണ്ടതുണ്ട്. അതോടൊപ്പം ഐ.പി. ആരംഭിക്കുമ്പോൾ അവിടെ കാന്റീനും ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സും ആവശ്യമാണ്. ഇങ്ങനെ ഒരുപിടി കാര്യങ്ങൾ അവിടെ ചെയ്തുതീർക്കാനുണ്ട്. ഈ കാര്യങ്ങൾ ചെയ്തുതീർത്താലെ അവിടെ ഐ. പി. ആരംഭിക്കാൻ സാധിക്കുകയുള്ളു. അപ്പോൾ അതിന് അടിയന്തര നടപടികൾ പൂർത്തീകരിക്കണം. കെട്ടിടങ്ങളുടെ ബാക്കി കുറച്ച് ഭാഗം പൂർത്തീകരിക്കാനുണ്ട്. ഇത് അടിയന്തരമായി പൂർത്തീകരിച്ചു കിട്ടണം. ഈ ആശുപത്രിയുടെ പുറത്ത് കുറച്ച് സ്ഥലമുണ്ട്. ഈ സ്ഥലം ഇങ്ങനെയിട്ടുകഴിഞ്ഞാൽ അന്യാധീനപ്പെടും. അതിന് ഒരു ചുറ്റുമതിൽ ആവശ്യമാണ് ഏതെങ്കിലും ഒരു പ്രോജക്ടും അവിടെ കൊണ്ടുവരാൻവേണ്ടിയുള്ള പരിശ്രമം ഉണ്ടാകണം. ഇതുവരെയുള്ള കാര്യങ്ങളിൽ സർക്കാർ മാതൃകാപരമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ അനുസ്മരിക്കുകയാണ്. ഇതിനാവശ്യമായ നടപടികളുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സർ, ബഹുമാനപ്പെട്ട അംഗം സി. കെ. പി. പത്മനാഭൻ ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ട വിഷയമാണ്. മാങ്ങാട്ടുപറമ്പിൽ ഇ. കെ. നായനാർ സ്മാരക ആശുപത്രി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുടങ്ങുന്നതിനുള്ള കെട്ടിടനിർമ്മാണം തുടങ്ങിയത് 28 വർഷം മുമ്പായിരുന്നു. ഇടയ്ക്കുവച്ച് അതിന്റെ പ്രവർത്തനം നിലയ്ക്കുകയും ഈ ഗവൺമെന്റ് വന്നതിനു ശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷനെ കൊണ്ട് അതിന്റെ പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം കുറേക്കാലം വളരെ മന്ദഗതിയിലായിരുന്നു എന്ന് എല്ലാവർക്കുമറിയാം. ഇപ്പോഴും അവരെക്കൊണ്ട് എടുപ്പിക്കുന്നതിന് കുറേ ബുദ്ധിമുട്ടുണ്ട്. എങ്കിലും കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

വർഷം അവിടത്തെ ഒ.പി. പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു. ഏതാനും ദിവസങ്ങൾക്കകം അവിടെ ഐ.പി.യും ആരംഭിക്കാൻ കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ഇങ്ങനെയൊക്കെ പൂർത്തിയായിക്കഴിഞ്ഞാലും ശ്രീ. സി. കെ. പി. പത്മനാഭൻ പറഞ്ഞതുപോലുള്ള ചില പ്രശ്നങ്ങൾ അവിടെ അവശേഷിക്കുന്നുണ്ട്. വെള്ളത്തിന്റേയും വൈദ്യുതിയുടേയുമൊക്കെ പ്രശ്നങ്ങൾക്ക് നമുക്ക് ഇനിയും പണം അനുവദിക്കേണ്ടതായിട്ടാണ് ഉള്ളത്. 59 തസ്തികകൾ ഇതിനുവേണ്ടി പ്രത്യേകമായി ധനകാര്യ വകുപ്പ് പാസ്സാക്കിത്തന്നിട്ടുണ്ട്. നാല് നിലകളുള്ള കെട്ടിടത്തിന്റെ ആദ്യ രണ്ട് നിലകളാണ് ഇപ്പോൾ പൂർത്തിയാക്കിയിട്ടുള്ളത്. ഇപ്പോൾ വാർഡിന്റെ പണിയും പൂർത്തിയാക്കുന്നുണ്ട്. എത്രയും വേഗത്തിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ഫർണിച്ചറുകളും തീയേറ്ററുകളും മറ്റും കൊടുക്കുന്നതിനാവശ്യമായ നടപടികളായിട്ടുണ്ട്. ഒപ്പം ആ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു തീരുമാനമെടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മരുന്ന് ഗോഡൗൺ ഉണ്ടാക്കുന്നതിനാവശ്യമായ സ്ഥലം മാങ്ങാട്ടുപറമ്പിലാണ് ഇപ്പോൾ കണ്ടെത്തിയിട്ടുള്ളത്. എത്രയുംപെട്ടെന്ന് അതിന്റെ പണിയും തുടങ്ങാനാണ് തീരുമാനിച്ചിരിക്കുന്നത്.

(3) സ്പെഷ്യൽ പോലീസ് വേരിഫിക്കേഷൻ

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, നമ്മുടെ സംസ്ഥാനത്തുടനീളം വലിയ ഒരു വിഭാഗം ആളുകൾ ജോലിയുമായി ബന്ധപ്പെട്ട് ഗൾഫ് രാജ്യങ്ങളിലും അതുപോലെ മറ്റ് വിദേശ രാജ്യങ്ങളിലും കഴിയുകയാണ്. അതിൽ ഭൂരിഭാഗം തൊഴിലാളികളും സാധാരണക്കാരായ ആളുകളാണ് ചെറിയ ഒരുഭാഗം മാത്രമാണ് ബിസ്സിനസ്സുകാരും മറ്റും. നമ്മുടെ സംസ്ഥാനത്തെ തൊഴിൽ രഹിതരായ ആളുകൾക്ക് പെട്ടെന്ന് ജോലി സാധ്യതയെക്കുറിച്ചുള്ള വിവരം ലഭ്യമാകുന്നത് ചിലപ്പോൾ പത്രങ്ങളിൽക്കൂടിയും മറ്റ് മാധ്യമങ്ങളിൽക്കൂടിയുമാണ്. അപ്പോൾ അവരുടെ കൈയിൽ പാസ്പോർട്ട് ഉണ്ടാവുകയില്ല. അതുപോലെ ഗൾഫിൽ കഴിയുന്ന ബന്ധുക്കൾക്ക് അസുഖം വന്നാലോ അതല്ലെങ്കിൽ അത്യാവശ്യമായ മറ്റ് എന്തെങ്കിലും കാര്യങ്ങൾ ഉണ്ടായാലോ കൈയിൽ പാസ്പോർട്ട് ഇല്ലാത്തതുകാരണം പെട്ടെന്ന് എത്തിപ്പെടാൻ കഴിയുന്നില്ല. അതുപോലെ ഹജ്ജിനും പലപ്പോഴും അപേക്ഷ കൊടുത്ത് നിരവധി ആളുകൾ കാത്തുകിടക്കുന്നു. ഏതെങ്കിലും വിധത്തിൽ ഹജ്ജിന് അനുവാദം ലഭിച്ചാൽ കൈയിൽ പാസ്പോർട്ട് ഉണ്ടാകാതെ പറ്റില്ല. ഇങ്ങനെ ഒരു സാഹചര്യത്തിൽ എമർജൻസി പാസ്പോർട്ട് ലഭ്യമാക്കുക എന്നുള്ളത് നമ്മുടെ നിയമത്തിൽത്തന്നെ ഒരു വ്യവസ്ഥയാണ്, ഒരു അവകാശമാണ്. അത് ലഭിക്കണമെങ്കിൽ ഒന്നുകിൽ ജില്ലാപോലീസ് സൂപ്രണ്ട് അല്ലെങ്കിൽ എസ്. ഐ. നൽകണം. പക്ഷേ ഇത്തരത്തിലുള്ള അപേക്ഷകൾ പല എസ്. പി. മാരും എസ്. ഐ മാരും സ്വീകരിക്കുന്നില്ല. നിയമസഭയിൽ ഞാൻ ഒരു ചോദ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങ് എസ്.ഐ. മാർക്കുകൂടി അധികാരം നൽകുകയും അതനുസരിച്ച് ഉത്തരവ് നൽകുകയും ചെയ്തു. എന്നിട്ടും ഇനിയും പോലീസ് സ്റ്റേഷനുകളിലൊ

LIBRARY ARCHIVES Kerala Legislative Assembly